## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3753 — 25/06/2013 ൽ മറുപടിക്ക്

## കോട്ടത്തോട് ശുചീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാജേഷ് | സി.എൻ. ബാലകൃഷ്ണൻ<br>സഹകരണവും ഖാദിഗ്രാമ വ്യവസായവും<br>മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി |
| (എ) മാവേലിക്കരയിലെ കോട്ടത്തോട് ശുചീകരിക്കുന്നതിനായി മലിനീകരണ നിയന്ത്രണ ബോർഡ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ, ആയതിന് തയ്യാറാകുമോ;<br><br>(ബി) ആയത് നടപ്പിലാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;<br><br>(സി) ആയതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ, വിശദാംശം ലഭ്യമാക്കുമോ;<br><br>(ഡി) നിലവിലുള്ള സ്ഥിതി വ്യക്തമാക്കുമോ? | (എ) യും (ബി) യും (സി) യും (ഡി) യും<br>സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 2013-14 വർഷത്തെ പ്ലാൻ പദ്ധതിയിൽ കോട്ടത്തോട് ശുചീകരണത്തിന് മാവേലിക്കര മുൻസിപ്പാലിറ്റിക്ക് ധനസഹായം നൽകാൻ 30 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്. പദ്ധതി തയ്യാറാക്കുന്നതിന് മുനിസിപ്പാലിറ്റി നടപടികൾ സ്വീകരിച്ചു വരുന്നു. മുൻസിപ്പാലിറ്റിയിൽ നിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ബോർഡ് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. പദ്ധതി നടപ്പിലാക്കേണ്ട ചുമതല മാവേലിക്കര മുൻസിപ്പാലിറ്റിയുടേതാണ്. |

സെക്ഷൻ ഓഫീസർ